പത്രക്കുറിപ്പ്
26-5-2017

### വരകളിൽ നിറഞ്ഞ് ഇതര സംസ്ഥാനങ്ങളിലെ കുടുംബശ്രീ

ആലപ്പുഴ: കുടുംബശ്രീയുടെ വളർച്ചയും വികാസവും ചിത്രങ്ങളിലൂടെ വരകളിലൂടെ പുനർജനിക്കുന്നു. പത്തൊമ്പതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് ടൗൺ ഹാളിൽ കുടുബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയിട്ടുള്ള ചിത്രപ്രദർശനത്തിലാണ് സ്ത്രീശാക്തീകരണത്തിന്റെ ഇതുവരെയുള്ള വിവിധ പ്രയാണഘട്ടങ്ങൾ വരച്ചിടുന്നത്.

ആലപ്പുഴയുടെ ചരിത്ര പശ്ചാത്തലവും ചിത്രങ്ങളിലൂടെ അനാവരണം ചെയ്യുന്നതാണ് പ്രദർശനം. 1998ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന എ.ബി. ബാജ്പേയി മലപ്പുറത്ത് കുടുംബശ്രീ മിഷൻ ഉദ്ഘാടനം ചെയ്തതു മുതൽ ഇതുവരെയുള്ള കാര്യങ്ങളാണ് ചിത്രങ്ങളിലൂടെ ആലേഖനം ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാർ കുടുംബശ്രീ എന്ന ദാരിദ്ര്യ നിർമാർജന മിഷനെ കുറിച്ച് ചിന്തിക്കുന്നതിനു മുമ്പു തന്നെ അയൽക്കൂട്ടങ്ങൾ എന്ന ആശയം ജില്ലയിൽ പ്രാവർത്തികമാക്കിയ കഞ്ഞിപ്പാടം സ്വദേശിയും പുന്നപ്ര യു.പി സ്കൂൾ അധ്യാപകനുമായിരുന്ന ദർശനം പങ്കജാക്ഷ കുറുപ്പിനെയും പ്രദർശ നഗരിയിൽ അനുസ്മരിക്കുന്നുണ്ട്. ബാലസഭകളുടെ ഉദയവും വ്യക്തമാക്കുന്നു. അതിനു ശേഷം ഇതിരസംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക നടപ്പാക്കുന്നതിനായി നാഷണണൽ റിസോഴ്സ് ഓർഗനൈസേഷന്റെ സ്ഥാപനവും അതിന്റെ വളർച്ചയും പ്രദർശന നഗരിയിൽ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. എൻ.ആർ. ഓ മെന്റർ ടീം അംഗമായ ജയൻ പൂക്കാടിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ ഫൈൻ ആർട്ട്സ് കോളേജില വിദ്യാർത്ഥികളാണ് ചിത്രീകരണം. നിർവഹിച്ചത്.

2012 ഡിസംബറിലാണ് ദേശീയ ഗ്രാമീണ ഉപജീവനമിഷൻ കുടംബശ്രീയെ ഒരു നാഷണണൽ റിസോഴ്സ് ഓർഗനൈസേഷനായി (എൻ.ആർ.ഒ) അംഗീകരിക്കുന്നത്. ഇതു പ്രകാരം കുടുംബശ്രീ എൻ.ആർ.ഒയുടെ നേതൃത്വത്തിൽ 2013 ജനുവരിയിൽ ബീഹാറിൽ ആദ്യ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് 2013 മെയ് മാസം എൻ.ആർ.ഓ സെക്രട്ടറിയേറ്റ് തിരുവനന്തപുരത്ത് അതിന്റെ ഓഫീസ് പ്രവർത്തനത്തിനും തുടക്കമിട്ടു. ആദ്യ ഘട്ടത്തിൽ ഇന്ത്യയിലെ ബീഹാർ, ജാർഖണ്ഡ്, ഒഡീഷ, ആസാം, മഹാരാഷ്ട്ര, കർണാടക തുടങ്ങി ആറു സംസ്ഥാനങ്ങളുമായി കരാറിൽ ഒപ്പുവച്ചുകൊണ്ട് അവിടങ്ങളിൽ പാർട്നർ സ്റ്റേറ്റ് എന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതര സംസ്ഥാനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലാണ് എൻ. ആർ.ഓ യുടെ പ്രവർത്തനം നടന്നുവരുന്നത്. ത്രിപുര, സിക്കിം, ഗോവ, ലക്ഷദ്വീപ് ഉൾപ്പെടെ 11 സംസ്ഥാനങ്ങളിൽ എൻ.ആർ.ഓയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ചിത്ര പ്രദർശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ നിർവഹിച്ചു.